# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6149 08.07.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബി.ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ
, , റ്റി.വി.രാജേഷ്

ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

## ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുകയുണ്ടായിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതികൾ അതാത് വർഷം തന്നെ നടപ്പിലാക്കുന്നതിന് ഉയർന്ന പരിഗണന നൽകി വരുന്നുമുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ചില പദ്ധതികൾ ഇനിയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. അവയും നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | അവ ഏതൊക്കെയാണെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ അവശേഷിക്കുന്ന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സുപ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നവ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ വകുപ്പടിസ്ഥാനത്തിൽ വെളി | പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനാവശ്യമായ വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾക്ക് ആവശ്യമായതുക ഉപധനാഭ്യർത്ഥന |

| | | |
|---|---|---|
| | പ്പെടുത്താമോ; | കളിലൂടെ വകയിരുത്തി വരുന്നുണ്ട്. സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. |
| (ഡി) | നടപ്പിലാക്കിയിട്ടില്ലാത്ത സർക്കാർ പ്രഖ്യാപിത പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കൂടി തന്നാണ്ടിലെ ബജറ്റിൽ ലഭ്യമാണോ; വിശദമാക്കാമോ; | |
| (ഇ) | നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കാമോ? | |

സെക്ഷൻ ഓഫീസർ

| അനുബന്ധം |
|---|
| നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ<br>(വിവിധ ഭരണവകുപ്പുകളിൽ നിന്നും ശേഖരിച്ചത്) |
| സമ്പാദ്യ' പദ്ധതി |
| എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം |
| സംയോജിത കടൽ സുരക്ഷ |
| ഇടുക്കിയിൽ ചിൽഡ്രൻസ് ഹോം |
| കുട്ടികളുടെ ഗ്രാമം |
| നിഷ്നെ സർവ്വകലാശാല ആയി ഉയർത്തൽ |
| 'ധാര', ശുശ്രൂഷ പദ്ധതികൾ |
| എൽ.പി.ജി.ഡിസ്പെൻസറുകൾ പരിശോധിക്കുന്ന ഉപകരണം വാങ്ങൽ |
| ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിന് സ്കൈ ലിഫ്റ്റ് വാങ്ങുന്ന പദ്ധതി |
| സിറ്റി ഫയർ സേഫ്റ്റി സ്കീം |
| പട്ടാമ്പി ഫയർ സ്റ്റേഷൻ സ്ഥാപിക്കൽ |
| തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുക |
| ഹയർ സെക്കന്ററി സ്കൂളുകൾക്ക് എക്സലൻസ് അവാർഡ് നൽകുക |
| ഹോമിയോ ആശുപത്രികൾ ഇല്ലാത്ത ജില്ലയിൽ 25 കിടക്കകൾ ഉള്ള പുതിയ ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന പദ്ധതി. |
| കണ്ണൂർ ജില്ലയിലെ ആദിവാസി മേഖലയിൽ 10 കിടക്കകൾ ഉള്ള ഹോമിയോ ആശുപത്രി. |
| വർക്കല പ്രകൃതി ചികിത്സാ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തൽ |
| സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം |
| ആലപ്പുഴ, കൊല്ലം ബൈപ്പാസുകളുടെ പൂർത്തീകരണം |
| കോഴഞ്ചേരി ബൈപ്പാസ് നിർമ്മാണം |
| കേരളത്തിലെ ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കാമ്പസ്സുകളിൽ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കൽ |
| ചിറ്റാറിൽ സബ് ട്രഷറി സ്ഥാപിക്കൽ |
| എം.എച്ച്.ആർ.ഡി-യുടെ സഹായത്തോടെ 5 പോളിടെക്നിക്കുകൾ സ്ഥാപിക്കുക |
| പാലക്കാട് ഐ.ഐ.റ്റി സ്ഥാപിക്കൽ |
| കോഴിക്കോട് അന്താരാഷ്ട്രാ നിലവാരമുള്ള സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കൽ |
| ചാലക്കുടിയിൽ ആധുനിക മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് |
| കുട്ടനാട്ടിൽ വയ്ക്കോൽ കട്ട നിർമ്മാണ ഫാക്ടറി |
| അഗ്രി ബയോപാർക്കുകൾ സ്ഥാപിക്കൽ |
| സംയോജിത കൃഷിത്തോട്ട പദ്ധതി |
| മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ |
| ഉല്പാദക സംഘം കർഷക മാളും |
| ജൈവകൃഷിക്ക് കേരള ബ്രാൻഡ് |
| സ്കൂളുകളിൽ ബയോ ഗ്യാസ് പ്ലാന്റ് |
| പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് ടെക്നോളജി സെന്റർ |

LS-6149
8/7/14

സെക്ഷൻ ഓഫീസർ